**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4100** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നത്; വിശദമാക്കാമോ; | (എ) | **തിരുവനന്തപുരം ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി 14 നിയമസഭാ മണ്ഡലങ്ങളിലേയും ചുവടെചേർക്കുന്ന ആരോഗ്യ സ്ഥാപനങ്ങളെ തെരെഞ്ഞെടുത്ത് ഭരണാനുമതി നൽകിയിരുന്നു.**<br><br>**1) വർക്കല – ചെമ്മരുതി കുടുംബാരോഗ്യ കേന്ദ്രം**<br><br>**2) ആറ്റിങ്ങൽ - കേശവപുരം സാമൂഹികാരോഗ്യകേന്ദ്രം**<br><br>**3) ചിറയിൻകീഴ്- മംഗലപുരം കുടുംബാരോഗ്യ കേന്ദ്രം**<br><br>**4) നെടുമങ്ങാട് - കരകുളം കുടുംബാരോഗ്യ കേന്ദ്രം**<br><br>**5) വാമനപുരം - പാലോട് സാമൂഹികാരോഗ്യകേന്ദ്രം**<br><br>**6) കഴക്കൂട്ടം - പുലയനാർകോട്ട നെഞ്ചുരോഗാശുപത്രി**<br><br>**7) വട്ടിയൂർക്കാവ് - തിരുവനന്തപുരം ജനറൽ ആശുപത്രി**<br><br>**8) തിരുവനന്തപുരം - വലിയതുറ സി.എസ്.എച്ച്**<br><br>**9) നേമം - ഐരാണിമുട്ടം സാമൂഹികാരോഗ്യകേന്ദ്രം**<br><br>**10) അരുവിക്കര – വെള്ളനാട് സാമൂഹികാരോഗ്യകേന്ദ്രം**<br><br>**11) പാറശ്ശാല – വെള്ളറട സാമൂഹികാരോഗ്യകേന്ദ്രം**<br><br>**12) കാട്ടാക്കട- ആമച്ചൽ കുടുംബാരോഗ്യ കേന്ദ്രം**<br><br>**13) കോവളം- പൂവാർ സാമൂഹികാരോഗ്യ കേന്ദ്രം**<br><br>**14) നെയ്യാറ്റിൻകര – വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രം** |

| | | | |
|---|---|---|---|
| | | | **ഇതിൽ ആദ്യ ഘട്ടത്തിൽ നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കപ്പെട്ട ഐസോലേഷൻ വാർഡുകളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.**<br><br>**1)** നെയ്യാറ്റിൻകര – **സാമൂഹികാരോഗ്യകേന്ദ്രം,** വെൺപകൽ - (നിലവിൽ 45% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>2) വാമനപുരം **- സാമൂഹികാരോഗ്യകേന്ദ്രം,** പാലോട് (നിലവിൽ 47.5% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>3) കഴക്കൂട്ടം **- നെഞ്ചുരോഗാശുപത്രി** പുലയനാർകോട്ട (നിലവിൽ 10% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>4) വട്ടിയൂർക്കാവ് - ജി .എച്ച്. തിരുവനന്തപുരം (നിലവിൽ 47.5% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>5) പാറശ്ശാല **- സാമൂഹികാരോഗ്യകേന്ദ്രം,** വെള്ളറട (നിലവിൽ 47.5% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>6) ആറ്റിങ്ങൽ – **സാമൂഹികാരോഗ്യകേന്ദ്രം,** കേശവപുരം (നിലവിൽ 90% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>7) കോവളം **- സാമൂഹികാരോഗ്യകേന്ദ്രം,** പൂവാർ (നിലവിൽ 100% പൂർത്തീകരിച്ചിട്ടുണ്ട്)<br><br>8) നേമം **- സാമൂഹികാരോഗ്യകേന്ദ്രം ,** ഐരാണിമുട്ടം (നിലവിൽ 100% പൂർത്തീകരിച്ചിട്ടുണ്ട്) |
| (ബി) | ഇതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; എത്ര വാർഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | **കോവളം മണ്ഡത്തിലെ പൂവ്വാർ സാമൂഹികാരോഗ്യകേന്ദ്രം, നേമം മണ്ഡലത്തിലെ ഐരാണിമുട്ടം സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ ഐസോലേഷൻ വാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച വാർഡുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ